## ഫിലിപ്പിയർ 2:5

"ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ."

കർത്താവിൽ പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തു, പാപങ്ങളിലും അതിക്രമങ്ങളിലും മരിച്ചവരായിരുന്ന നമ്മെ ഓരോരുത്തരേയും വീണ്ടെടുക്കുവാൻ വേണ്ടി യാഗമായ് തീർന്നതിന്റെ ഒരു ഓർമ്മ പുതുക്കലിന്റെ അനുഭവത്തിലൂടെ നാം പലപ്പോഴും കടന്നു പോകാറുണ്ടല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരിക്കുന്ന നാമോരോരുത്തരും ഇന്ന് ആയിരിക്കുന്ന അനുഭവം എന്നു പറയുന്നത് എല്ലാവർക്കും ഒരേപോലെ ഉള്ള ഒന്നായി മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു, ലോകം ആകമാനം ഭീതിയിൽ കഴിയുന്നു. പ്രവാചകനിലൂടെ ദൈവത്തിന്റെ ശബ്ദം ഇപ്രകാരം സംസാരിച്ചു, "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു." ഇന്ന് കർത്താവിന്റെ പീഢാനുഭവ ധ്യാന ചിന്തകളിലൂടെ നാം കടന്നു പോകുമ്പോൾ ആ വെളിച്ചത്തിന്റെ ഉള്ളിൽ പ്രവേശിച്ച് നമ്മിലുള്ള സകല അന്ധകാരത്തിന്റെയും അനുഭവം മാറി നാം അവന്റെ തേജസ്സിൽ പ്രകാശിക്കുവാൻ ഇടയായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

### 4. ക്രിസ്തു വേഷത്തിൽ മനുഷ്യനായി വിളങ്ങി (ഫിലിപ്പിയർ 2:8)

ക്രിസ്തുവിന്റെ പീഢാനുഭവ ധ്യാന ചിന്തകളുടെ അവസാനഭാഗത്തേക്കു നാം കടക്കുകയാണ്. ക്രിസ്തുവിന്റെ ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ എന്ന ആധാര ചിന്തയിൽ നിന്നു കൊണ്ടാണ് നാം ഇതുവരെയും ചിന്തിച്ചത്. അതിൽ ക്രിസ്തു തന്നേത്താൻ ത്യജിച്ചതായും, ദാസരൂപമെടുത്തതായും, മനുഷ്യസാദൃശ്യത്തിലയതായും നാം കണ്ടു. ഈ ഭാവങ്ങളെല്ലാം അവൻ എടുത്തത് അവന്റെ മുമ്പിൽ വെച്ചിരുന്ന ഞാനും നിങ്ങളും എന്ന സന്തോഷം ഓർത്താണെന്നും നാം ചിന്തിക്കുകയുണ്ടായി. ഇവിടെ അവസാനമായി പറയുകയാണ്, അവൻ വേഷത്തിൽ മനുഷ്യനായി വിളങ്ങി എന്ന്.

ഇന്ന് ലോകത്തിലേക്ക് കണ്ണോടിച്ചു കഴിഞ്ഞാൽ മനുഷ്യനായി എപ്രകാരം വിളങ്ങി നിൽക്കാം എന്നുള്ളത് നമുക്ക് കാണാനും, കേൾക്കാനും, അനുഭവിക്കാനുമൊക്കെ കഴിയും. എന്നാൽ അതെല്ലാം ലോകപ്രകാരവും, ലോകത്തിന്റെ നിയമവ്യവസ്ഥിതികൾക്കും അധിഷ്ഠിതമായിട്ടാണെന്നു മനസ്സിലാക്കാവുന്നതേ ഉള്ളൂ. ഏതൊരുവനെയും പിന്നിലേക്കു തള്ളിമാറ്റുന്ന ഒരു ലോകവ്യവസ്ഥിതിയാണ് ഇന്നു

നിലനിൽക്കുന്നത്. എന്നാൽ കർത്താവു കാണിച്ചു തന്നത് അപ്രകാരമല്ല. ദൈവത്തിന്റെ വചനം പറയുന്നു അവൻ താഴ്മ ധരിച്ചവനായി, ക്രൂശിലെ മരണത്തോളം അനുസരണയുള്ളവനായിരുന്നു എന്ന്. എന്തൊരു വലിയ കാര്യമാണിത്. ദൈവസമത്വം വെടിഞ്ഞവനായ ക്രിസ്തു മനുഷ്യനായി ഭൂമിയിൽ കടന്നു വന്ന്, വേഷത്തിൽ മനുഷ്യനായി വിളങ്ങുന്ന അനുഭവം. ഒരു മനുഷ്യൻ എപ്രകാരമാണ് ലോകത്തിൽ വിളങ്ങേണ്ടുന്നത് എന്നു കാണിച്ചു തന്ന ക്രിസ്തുവിന്റെ വലിയ ഭാവം.

ഒരിക്കൽ തന്റെ ശിഷ്യന്മാരോടായി കർത്താവ് ഇപ്രകാരം പറയുന്നുണ്ട് 'നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ' എന്ന്. വചനത്തിലുടനീളം നാം നോക്കിയാൽ കർത്താവ് മനുഷ്യനായി വിളങ്ങിയ ആ ഭാവം പലയിടങ്ങളിലും നമുക്ക് വ്യക്തമായി ദർശിക്കുവാൻ സാധിക്കും. പത്രോസ് തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നുണ്ട് 'അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപ്പിക്കുകയത്രേ ചെയ്തതു.'

പ്രിയരേ നമുക്ക് ഇപ്രകാരം ആയിത്തീരുവാൻ സാധ്യമാണോ? നമ്മെ ആരെങ്കിലും വേദനിപ്പിച്ചാൽ അവരോടു ക്ഷമിക്കുവാനും, നമ്മിൽ കടന്നു വരുന്ന പ്രതിസന്ധികളിൽ മറ്റുള്ളവരെ പഴിക്കുന്നതിന്നു പകരം അത് സ്വയം ഏറ്റെടുക്കുവാനും നമുക്ക് സാധിക്കുമോ? എങ്കിൽ നീ ലോകപ്രകാരമല്ല മറിച്ച് കർത്താവിന്റെ ഭാവം ധരിച്ച് അവനെപ്പോലെയാണ് വിളങ്ങുന്നതെന്നു പറയുവാൻ സാധിക്കും. ദൈവത്തിന്റെ ബലമുള്ള ഭുജത്തിൻ കീഴിൽ മിണ്ടാതെയിരുന്ന്, അവൻ ദൈവമെന്നറിയുന്ന അനുഭവത്തിലാണ് നാം യഥാർത്ഥ മനുഷ്യരായി ഈ ലോകത്തിൽ വിളങ്ങുന്നത്. മറിച്ച് നമ്മിൽ ഉള്ള ലോകത്തിന്റെ വിളങ്ങലുകളെല്ലാം വെറും മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടങ്ങളായി മാറിപ്പോകും എന്നതിൽ ഒരു സംശയവുമില്ല. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

1 പത്രോസ് 4:21

ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 154**